"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം - ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനം - ശ്രീ. ഗോകുൽ. ജി. മോഹനന്റെ നിയമനം റദ്ദ് ചെയ്ത് പകരം ശ്രീ. ഗോപകുമാർ. എ. വി-യെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ )വകുപ്പ്**

സ.ഉ.(സാധാ) നം.**1264/2026/LSGD**   തീയതി,തിരുവനന്തപുരം, **07-07-2026**

---

പരാമർശം:- 1. **10.05.2013** ലെ സർക്കുലർ നം.**42/2013**/ധന.

2. **28.11.2013** ലെ സ.ഉ (പി )നം.**580/2013**/ധന.

3. **31.12.2025** ലെ സ.ഉ(സാധാ)നം. **3120/2025/LSGD.**

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയ സെക്രട്ടറിയുടെ **23.03.2026,30.03.206** എന്നീ തീയതികളിലെ **A1-180/TLSGIs** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിൽ ജൂനിയർ സൂപ്രണ്ട് ,ക്ലാർക്ക് ,എൽ.ഡി ടൈപ്പിസ്റ്റ് ,ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഒഴിവു വരുന്ന മുറയ്ക്ക് അതാതു തീയതികൾ മുതൽ ഒരു വർഷത്തേയ്ക്ക് ശ്രീ.ഗോകുൽ. ജി. മോഹൻ (ക്ലാർക്ക്) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ശ്രീ. ഗോകുൽ. ജി. മോഹൻ തസ്തികയിൽ ചുമതല ഏൽക്കുന്നതിന് മുൻപായി ടിയാൾക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച സാഹചര്യത്തിൽ, ബഹു. ഹൈക്കോടതി ടിയാളുടെ നിരാക്ഷേപപത്രം റദ്ദാക്കുകയുണ്ടായി.തുടർന്ന് മുൻപ് സമർപ്പിക്കപ്പെട്ട പാനലിൽ ഉൾപ്പെട്ട മറ്റ് അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിനായി ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിൻപ്രകാരം ശ്രീ. ഗോകുൽ.ജി.മോഹനനെ പരാമർശം (3) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ ട്രൈബുണലിൽ ക്ലാർക്ക് ആയി നിയമിച്ചത് റദ്ദാക്കി, പകരം പകരം ശ്രീ. ഗോപകുമാർ. എ. വി, ക്ലാർക്ക്, സബ് കോർട്ട്, കൊച്ചി, (പെൻ നം.

648843, ശമ്പള സ്കെയിൽ 26,500 -60,700, അടിസ്ഥാന ശമ്പളം 52600/-) എന്നവരെ നിയമിക്കുന്നതിനായി പരാമർശം(4) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറി ശിപാർശ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിൽ ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ശ്രീ.ഗോകുൽ. ജി. മോഹൻ (ക്ലാർക്ക്) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച പരാമർശം (3) ലെ ഉത്തരവിലെ "ശ്രീ. ഗോകുൽ. ജി. മോഹന്റെ നിയമനം" മാത്രം റദ്ദാക്കിക്കൊണ്ടും, പകരം നിലവിലെ മുൻഗണനാ ലിസ്റ്റിൽ നിന്നും ശ്രീ. ഗോപകുമാർ. എ. വി (ക്ലാർക്ക്, സബ് കോർട്ട്, കൊച്ചി, PEN: 648843,)എന്നയാളെ KSR Part I Rules 140(c)ലെ വ്യവസ്ഥകൾക്കും അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1),(2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിലെ ക്ലാർക്ക് തസ്തികയിൽ ഒരു വർഷക്കാലയളവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം.
2.രജിസ്ട്രാർ(ഡിസ്ട്രിക്റ്റ് ജുഡീഷ്യറി) ബഹു. കേരള ഹൈക്കോടതി, എറണാകുളം.
3.ശ്രീ. ഗോപകുമാർ. എ. വി, ക്ലാർക്ക്, സബ് കോർട്ട്, കൊച്ചി (ട്രൈബ്യൂണൽ സെക്രട്ടറി മുഖേന).
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E / Audit), കേരളം, തിരുവനന്തപുരം.
5.അക്കൗണ്ടന്റ് ജനറൽ, (ഇ.ആർ.എസ്.എ)കേരളം, തിരുവനന്തപുരം.
6.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
7.കരുതൽ ഫയൽ /ഓഫീസ് കോപ്പി(LSGD-IA2/69/2026-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C O
സെക്ഷൻ ഓഫീസർ
Date: 07-07-2026 11:37:27